# റബ്ബർ മരങ്ങൾ വില്പനയ്ക്ക്

റീഹാബിലിറ്റേഷൻ പ്ലാന്റേഷന്റെ ആയിരനല്ലൂർ എസ്റ്റേറ്റിലുള്ള അഞ്ചു ബ്ലോക്കുകളിൽപ്പെട്ട 7482 റബ്ബർ മരങ്ങൾ വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വില്പനയ്ക്ക്.

പുനർ ദർഘാസ്/ലേല ദിവസം - **19.01.2012 പകൽ 11.00 മണിയ്ക്ക്.**

ലേലത്തിൽ പങ്കെടുക്കുന്നവർ ബാങ്കിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റോ സ്വന്തം പേരിലുള്ള വസ്തുവിന്റെ 2011-12 വർഷത്തിലേക്കുള്ള കരമടച്ച രസീതോ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് R.P.L ഹെഡ് ഓഫീസുമായി ബന്ധപ്പെടുക.
Phone No. 04752222971, 72, 73 Website www.rplkerala.com.

ടെൻഡർ ഫോം കമ്പനിയുടെ ഹെഡ് ഓഫീസിൽ നിന്നും 1041/ രൂപയ്ക്ക് പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

RPL/SALES/3700/2011-12 Dt. 09-01-2012

(ഒപ്പ്) മാനേജിംഗ് ഡയറക്ടർ

# റബ്ബർ മരങ്ങൾ വിൽപ്പനയ്ക്ക് - പുനർ ദർഘാസ്-ലേലം

ആർ.പി.എൽ-ന്റെ താഴെ പട്ടികയിലുള്ള കടുംവെട്ട് കഴിഞ്ഞ 7482 റബ്ബർ മരങ്ങൾ വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ (കരാറടിസ്ഥാനത്തിൽ) വിൽക്കുന്നതിനുള്ള പുനർ ദർഘാസ് - ലേലം **19.01.2012** വ്യാഴാഴ്ച പകൽ **11.00** മണിക്ക്, പുനലൂരിലുള്ള ആർ.പി.എൽ-ന്റെ ഹെഡ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. ബ്ലോക്ക് ഒന്നിന് **50,000** രൂപ റീഹാബിലിറ്റേഷൻ പ്ലാന്റേഷന്റെ പേരിൽ പുനലൂരിൽ മാറാവുന്ന ഡ്രാഫ്റ്റായി നിരതദ്രവ്യവും, ദർഘാസ് - ലേലത്തിൽ ഉയർന്ന നിരക്ക് നൽകുന്നയാൾ **2,00,000** രൂപ അഡ്വാൻസായി ഡി.ഡി ആയോ കമ്പനിയുടെ അക്കൗണ്ടിൽ അടച്ചോ സമർപ്പിയ്ക്കേണ്ടതാണ്. മുദ്ര വച്ച ദർഘാസുകൾ EMD അടച്ചശേഷം അതാതു ബ്ലോക്കിന്റെ ലേലത്തിനു മുമ്പായി മാത്രം സമർപ്പിക്കേണ്ടതാണ്.

| തോട്ടത്തിന്റെ പേര് | യൂണിറ്റ്/കൂപ്പ് | ബ്ളോക്കുകൾ | ഏകദേശം മരങ്ങൾ |
|---|---|---|---|
| ആയിരനല്ലൂർ | II-IV B, III-VI | 5 | 7482 |

മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള കാലാവധി **15.03.2012** വരെയാണ്. ദർഘാസിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ദർഘാസ് - ലേലത്തിനു മുൻപ് മരങ്ങൾ പരിശോധിച്ച് അവയുടെ നല്പ്പുനില്പ്പു ബോധ്യപ്പെടേണ്ടതാണ്. ദർഘാസ്-ലേലം ഏതെങ്കിലുമോ, എല്ലാമോ യാതൊരു കാരണവും കൂടാതെ സ്വീകരിയ്ക്കുന്നതിനോ, നിരാകരിയ്ക്കുന്നതിനോ ഉള്ള പൂർണ്ണാധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. എന്തെങ്കിലും കാരണവശാൽ പുനർ ദർഘാസ്-ലേലം പ്രസ്തുതദിവസം നടത്താനോ പൂർത്തിയാക്കാനോ കഴിയാതെ വന്നാൽ അവശേഷിക്കുന്ന മരങ്ങളുടെ ദർഘാസ് തൊട്ടടുത്ത പ്രവൃത്തി ദിവസം ടി ഷെഡ്യൂൾ പ്രകാരം നടത്തുന്നതായിരിയ്ക്കും. അങ്ങനെയെങ്കിൽ മരങ്ങളുടെ എണ്ണത്തിൽ മാറ്റം വരാവുന്നതാണ്.

**പുനർ ദർഘാസ് - ലേലത്തിൽ പങ്കെടുക്കുന്നവർ പേരും മേൽവിലാസവും തെളിയിക്കുന്നതിനുവേണ്ടി ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്/വില്ലേജ് ഓഫീസർ സാക്.ഷ്യപ്പെടുത്തിയ ഫോട്ടോകൂടെയുള്ള സർട്ടിഫിക്കറ്റ്/പാസ്പോർട്ട് എന്നിവയിൽ ഏതെങ്കിലും ഹാജരാക്കേണ്ടതാണ്. അതിനുപുറമെ ബാങ്കിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റോ, സ്വന്തം പേരിലുള്ള വസ്തുവിന്റെ 2011-12 വർഷത്തിലേയ്ക്കുള്ള കരം അടച്ച ഒറിജിനൽ രസീതോ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഒരാൾക്ക് ഒരു ബ്ലോക്കിലുള്ള മരങ്ങൾ മാത്രമേ സ്ഥിരീകരിച്ചു കൊടുക്കുകയുള്ളു.**

കമ്പനി കരിമ്പട്ടികയിൽപ്പെടുത്തിയവരെയും കരാറുകളിൽ വീഴ്ച വരുത്തിയവരെയും ഈ ദർഘാസുകളിൽ യാതൊരു കാരണവശാലും പങ്കെടുപ്പിക്കുകയില്ല. കൂടുതൽ വിവരങ്ങളും ദർഘാസ് -ലേല വ്യവസ്ഥകളും കമ്പനി വെബ്സൈറ്റിൽ നിന്നും, പ്രവൃത്തി ദിവസങ്ങളിൽ പകൽ 9.30 മണി മുതൽ 5.00 മണി വരെ കമ്പനിയുടെ ഹെഡ് ഓഫീസിൽ നിന്നും ലഭിയ്ക്കുന്നതാണ്. ടെൻഡർ ഫോം കമ്പനിയുടെ ഹെഡ് ഓഫീസിൽ നിന്നും **1041** രൂപയ്ക്ക് കമ്പനി പ്രവൃത്തി ദിവസങ്ങളിൽ ലഭിയ്ക്കുന്നതാണ്.

RPL/SALES/3700/2011-12 Dtd. 09-01-2012

(ഒപ്പ്) മാനേജിംഗ് ഡയറക്ടർ